ഒ.എം(1/)49421/2018/ഡി പി ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 18.08.2018.

# പരിപത്രം

വിഷയം: പൊ.വി. ജീവനക്കാര്യം-കാലവർഷക്കെടുതി-2018-സർക്കാർ കാര്യാലയങ്ങൾ 19.08.2018(ഞായറാഴ്ച)പ്രവൃത്തി ദിവസമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

സൂചന: തിരുവനന്തപുരം ജില്ലാകളക്ടറുടെ 18.08.18 ലെ എച്1/14194/18 നമ്പർ ഉത്തരവ്.

സംസ്ഥാനത്ത് കാലവർഷക്കെടുതി അതിരൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ പ്രളയ ബാധിത ജില്ലകളിലെ ദുരിതാശ്വാസ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലയിലെ സർക്കാർ ഓഫീസുകളുടെ സേവനം ജില്ലാ ഭരണകൂടത്തിന് ലഭ്യമാക്കേണ്ടത് അത്യാവശ്യമായതിനാൽ ജില്ലയിലെ മുഴുവൻ സർക്കാർ ഓഫീസുകളും 19.08.2018 (ഞായറാഴ്ച) തുറന്ന് പ്രവർത്തിക്കേണ്ടതാണെന്നും ജീവനക്കാർ, ഡ്രൈവർമാർ എന്നിവരുടെ ഹാജർ മേലധികാരികൾ ഉറപ്പുവരുത്തേണ്ടതാണെന്നും സൂചന പ്രകാരം ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിലെ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ മുഴുവൻ ഓഫീസുകളും 19.08.2018 ഞായറാഴ്ച പ്രവൃത്തി ദിവസമായിരിക്കും എന്നറിയിക്കുന്നു.

എല്ലാ സർക്കാർ വാഹനങ്ങളും, ജീവനക്കാരും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് സജ്ജരായിരിക്കേണ്ടതാണെന്ന് ബഹു. ജില്ലാ കളക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ – താങ്കളുടെ ഓഫീസിലെ വാഹനങ്ങളും, ഡ്രൈവർമാരും ജീവനക്കാരും അന്നേദിവസം ഓഫീസ് സമയത്ത് ഹാജരാകാൻ നിർദ്ദേശിക്കുന്നു. ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിലേക്കായി ടി ഓഫീസുകളിലെ കൈവശമുള്ള വാഹനങ്ങളുടെ എണ്ണം, നമ്പർ(ഏത് തരത്തിലുള്ളത്) ഡ്രൈവർമാരുടെ മൊബൈൽ നമ്പർ എന്നിവ 19.08.2018-ാം തിയതി 5 മണിക്ക് മുമ്പായി ജില്ലാ കളക്ടറേറ്റിൽ നല്കേണ്ടതാണ്.

ടി നിർദ്ദേശം പാലിക്കാത്ത പക്ഷം ബന്ധപ്പെട്ടവർക്കെതിരെ മുന്നറിയിപ്പ് കൂടാതെ ശിക്ഷണനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിക്കുന്നു.

**ജെസ്സി ജോസഫ്**
**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ(ജനറൽ)**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

സ്വീകർത്താവ് :

1. വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം
2. സെക്രട്ടറി, പരീക്ഷാഭവൻ
3. ടെക്സ്റ്റ് ബുക്ക് ഓഫീസർ
4. തിരുവനന്തപുരം ജില്ലയിലെ ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (താങ്കളുടെ പരിധിയിലെ എല്ലാ പ്രധാനാദ്ധ്യാപകർക്കും)

പകർപ്പ് :

1 എല്ലാ കൺട്രോളിങ് , യൂണിറ്റ് , സെക്ഷൻ സൂപ്രണ്ടുമാർക്കും. , . എല്ലാ ജീവനക്കാർക്കും.
2. വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്.

തിരുവനന്തപുരം ജില്ലാ ദുരന്ത നിവാരണ അതോറിട്ടി ചെയർപേഴ്സൺ & ജില്ലാ കളക്ടറുടെ നടപടിക്രമം
(ഹാജർ: ഡോ.കെ.വാസുകി, ഐ.എ.എസ്.)

എച്ച്.1/14194/2018 തീയതി 18.08.2018

Received
19/8/18 4.25pm
19/8/18

വിഷയം : കാലവർഷക്കെടുതി 2018- ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിന് എല്ലാ സർക്കാർ കാര്യാലയങ്ങളും 19.08.2018 ന് പ്രവർത്തി ദിവസമാക്കി ഉത്തരവാകുന്നു.

കാലവർഷക്കെടുതി 2018 അതിരൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ പ്രളയബാധിത ജില്ലകളിലെ ദുരിതാശ്വാസ-ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ഏകോപിപിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലയിലെ വിവിധ സർക്കാർ ആഫീസുകളുടെ സേവനം ജില്ലാ ഭരണകൂടത്തിന് മുടക്കം കൂടാതെ ലഭ്യമാക്കേണ്ടത് അത്യാവശ്യമായതിനാൽ ടി കാര്യാലയങ്ങൾ 19.08.2018 ന് തുറന്ന് പ്രവർത്തിക്കേണ്ടതും, ടി കാര്യാലയങ്ങളിലെ ജീവനക്കാർ, ഡ്രൈവർമാർ എന്നിവരുടെ ഹാജർ മേലധികാരികൾ ഉറപ്പുവരുത്തേണ്ടതുമാണെന്ന് ദുരന്തനിവാരണനിയമം 2005, സെക്ഷൻ 34 (എ), (ജെ), (എം) എന്നിവ പ്രകാരം നിർദ്ദേശിച്ച് ഉത്തരവാകുന്നു.

എല്ലാ സർക്കാർ വാഹനങ്ങളും ജീവനക്കാരും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്കായി സജ്ജരായിരിക്കേണ്ടതാണ്. ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിലേക്കായി എല്ലാ വകുപ്പുകളും അവരുടെ കൈവശത്തിലിരിക്കുന്ന വാഹനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തി, ടി വാഹനങ്ങളുടെ നമ്പർ (ഏതു തരത്തിലുള്ളത്) ,ഡ്രൈവർമാരുടെ മൊബൈൽ ഫോൺ നമ്പർ എന്നിവ 19.08.2018-ാം തീയതി 5 മണിക്ക് മുമ്പായി ജില്ലാ കളക്ട്രേറ്റിൽ നൽകേണ്ടതാണ്. ടി നിർദ്ദേശം പാലിക്കാത്ത പക്ഷം ബന്ധപ്പെട്ടവർക്കെതിരെ ദുരന്തനിവാരണനിയമം 2005, സെക്ഷൻ 56 പ്രകാരം മറ്റ് മുന്നറിയിപ്പ് കൂടാതെ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഒപ്പ്/-
ജില്ലാ കളക്ടർ

സ്വീകർത്താവ്:

1. ജില്ലയിലെ എല്ലാ സർക്കാർ ആഫീസുകൾക്കും
2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തിരുവനന്തപുരം(മാധ്യമങ്ങൾ/ സമൂഹ മാധ്യമങ്ങൾ – ൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
3. ജില്ലാ കളക്ടർ/ എഡിഎം സിഎയ്ക്ക്

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്

Scanned by CamScanner